(ബി) എങ്കിൽ ഈ സാമ്പത്തിക വർഷം എത്ര രൂപ നൽകും ?

ഉത്തരം

(എ, ബി) തിരുവിതാംകൂർ ദേവസ്വംബോർഡിനു് ഭരണഘടന അനുശാസിക്കുന്ന പ്രകാരം 46.50 ലക്ഷം രൂപ ഗ്രാൻറായി നൽകുന്നുണ്ടു്. ഇതു് മൂന്നു തവണകളായാണു് നൽകുന്നതു്. ഇതിൽ ഈ സാമ്പത്തികവർഷം 15½ ലക്ഷം രൂപ അനുവദിച്ചു കഴിഞ്ഞു. രണ്ടാമത്തെ ഗഡുവായ ആ 15½ ലക്ഷം അനുവദിക്കാൻ വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു. ഇതിനുപുറമെ, സ്പെഷ്യൽ ഗ്രാൻറായി തിരുവിതാംകൂർ ദേവസ്വം ബോർഡിനു് 15 ലക്ഷം രൂപയും കൊച്ചിൻ ദേവസ്വം ബോർഡിനു് 7 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ടു്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II. അടിയന്തിര പ്രമേയം

പേമാരിയും കടലാക്രമണവും വെള്ളപ്പൊക്കവും മൂലമുണ്ടായ കെടുതികളും

മി. സ്പീക്കർ : കേരളത്തിൽ ഈ വർഷം വെള്ളപ്പൊക്കവും കടലാക്രമണവുംമൂലം ഉണ്ടായ വമ്പിച്ച നാശനഷ്ടങ്ങൾക്കു് ഇരയായവർക്കു് ആശ്വാസനടപടികളും കൈക്കൊള്ളുന്നതിൽ ഗവൺമെൻറു് കാണിച്ച അനാസ്ഥ മൂലം ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷത്തെക്കുറിച്ചു് ചർച്ചചെയ്യാൻ ഇന്നത്തെ സഭാനടപടികളും നിർത്തിവയ്ക്കണമെന്നു് സർവ്വശ്രീ എ. വി. താമരാക്ഷൻ, എസ്. ഗോവിന്ദക്കുറുപ്പു്, വി. കെ. രാജൻ, ടി. പി. പീതാംബരൻ മാസ്റ്റർ, കെ. കൃഷ്ണൻകുട്ടി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ചു് നോട്ടീസു് നൽകിയിട്ടുണ്ടു്.

9·30 A. M.]

റവന്യു വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫു്) : സർ, ഇത്തവണ കാല വർഷക്കെടുതികളും ഏതാണ്ടു് ഒരാഴ്ച നീണ്ടുനിന്ന മഴയെത്തുടർന്നാണു് ഉണ്ടായതു്; ആഗസ്റ്റു് 7-ാം തീയതി മുതൽ 13-ാം തീയതി വരെ. അതു് മഴയുടെ അളവിനേക്കാളും ഉപരി കുറച്ചു സമയത്തിനുള്ളിൽ അതിശക്തമായ മഴ പെയ്തുവെന്നുള്ളതാണു് ഇത്തവണത്തെ കെടുതികൾക്കു് ഇടയാക്കിയതു്. ഇതു് ഉണ്ടായ ഉടനെതന്നെ ഒന്നു് രണ്ടു് ദിവസംകൊണ്ടു് ചില പ്രദേശങ്ങളിൽ വെള്ളം ഉയരുകയും ആളുകളെ മാറ്റി പാർപ്പിക്കേണ്ട സ്ഥിതിവിശേഷം ഉണ്ടാവുകയും ചെയ്തു. ഹൈറേഞ്ചസിൽ മഴ ശക്തമായി പെയ്താൽ വെള്ളപ്പൊക്കം ഉണ്ടാകുന്നതു് ആലപ്പുഴ ജില്ലയിൽ പ്രത്യേകിച്ചു് കുട്ടനാടൻ മേഖലയിലാണു്. ഒന്നു് രണ്ടു് ദിവസംകൊണ്ടു് വെള്ളം ഉയരുന്ന സ്ഥിതിവിശേഷം കണക്കിലെടുത്തു് അടിയന്തിരമായി പതിനായിരക്കണക്കിനു് ആളുകളെ റിലീഫു് ക്യാമ്പുകളിലേക്കു് മാറ്റി താമസിപ്പിക്കുകയുണ്ടായി. ഈ കാലയളവിനുള്ളിൽ കടലാക്രമണവും ഈ സംസ്ഥാനത്തു് അനുഭവപ്പെട്ടു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ അടിയന്തിരമായ ദുരിതാശ്വാസമാണു് നമ്മൾ എത്തിച്ചുകൊടുക്കുന്നതു്. നാശനഷ്ടങ്ങളുണ്ടാകുന്നതിനു മുൻപുള്ള സ്ഥിതി റസ്റ്റോർ ചെയ്യാൻ അല്ലെങ്കിൽ പഴയ നില പുനഃസ്ഥാപിക്കാൻ സമയമെടുക്കും. അടിയന്തിരമായ ദുരിതാശ്വാസ നടപടികൾ എത്രമാത്രം ചെയ്തു എന്നുള്ളതാണു് ഇപ്പോൾ പ്രസക്തമായിട്ടുള്ള വിഷയം. ആ സമയത്തു് റിലീഫു് ക്യാമ്പുകൾ ഓപ്പൺ ചെയ്തു. ആ റിലീഫു് ക്യാമ്പുകളിൽ ഭക്ഷണം പാകം ചെയ്തുകൊടുക്കാനുള്ള എല്ലാ ഏർപ്പാടുകളും ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആ ക്യാമ്പുകളെ സംബന്ധിച്ച യാതൊരുവിധ പരാതിയും ഉണ്ടായിട്ടില്ല. ആലപ്പുഴ ജില്ലയിൽ ഞാൻ തന്നെ പോയി. എം. എൽ. എ. മാരേയും, മറ്റ് പൊതുപ്രവർത്തകരെയും വിളിച്ചുകൂട്ടി ചർച്ച നടത്തി. ആ ക്യാമ്പുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് യാതൊരു പരാതികളും ഉണ്ടായിട്ടില്ല. വിറക് ഉൾപ്പെടെയുള്ള എല്ലാ സാധനങ്ങളും എത്തിച്ചുകൊടുത്തു. സ്ത്രീകൾക്കും കുട്ടികൾക്കും മുട്ട കൂടി എത്തിച്ചു കൊടുക്കാനുള്ള ഏർപ്പാടുകളും ഉണ്ടായിരുന്നു. അങ്ങനെ മുഖ്യമായും ദുരിതാശ്വാസപ്രവർത്തനം നടത്തേണ്ടി വന്നത് ആലപ്പുഴ ജില്ലയിലാണ്. മറ്റ് തീരപ്രദേശങ്ങളിലും നടത്തി. അതുപോലെ തന്നെ തുടർച്ചയായി മൂന്ന് ആഴ്ച ഈ പ്രദേശങ്ങളിൽ അപ്പോൾതന്നെ ഫ്രീ റേഷൻ കൊടുത്തു. കെടുതികൾ ഉണ്ടായ സ്ഥലങ്ങളിലാണ് (affected areas) കൊടുത്തിട്ടുള്ളത്. ഇത്തവണ വെള്ളപ്പൊക്കത്തിന്റെ ദുരിതം സംസ്ഥാനത്തെത്തന്നെ മൊത്തത്തിൽ അനുഭവപ്പെട്ടു എന്ന് പറയാമെങ്കിലും ചില പ്രദേശങ്ങളിലാണ് വളരെ കൂടുതലായി അനുഭവപ്പെട്ടത്. അതിനെപ്പറ്റി സംസ്ഥാന ഗവൺമെന്റിനും ബാക്കി ഇവിടെയുള്ള ചില അംഗങ്ങൾക്കും എല്ലാം അറിയാവുന്നതാണ്. ഇങ്ങനെ ഈ കെടുതി ഉണ്ടായതിനെ തുടർന്ന് കേന്ദ്ര ഗവൺമെന്റിലേക്ക് ഒരു ഇന്റെറിം റിപ്പോർട്ട് അല്ലെങ്കിൽ ഒരു അടിയന്തിര മായ മെസ്സേജ് അയച്ചുകൊടുക്കുകയുണ്ടായി. മെമ്മോറാണ്ടം ഒന്നും സമർപ്പിക്കാതെ, ഇത്തരം കെടുതികൾ ഉണ്ടായിരിക്കുന്നു അടിയന്തിര സഹായം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് അറിയിച്ചു. ആദ്യം കേന്ദ്ര മന്ത്രി അത് കിട്ടിയിട്ടില്ലെന്ന് പറഞ്ഞെങ്കിലും അദ്ദേഹം തന്നെ പിന്നെ അത് തിരുത്തുകയുണ്ടായി. മെമ്മോറാണ്ടം കിട്ടിയിട്ടില്ല; എന്നാൽ അടിയന്തിര സഹായം അഭ്യർത്ഥിച്ചിട്ടുണ്ട് എന്ന് പറയുകയും പത്ത് കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തു. മെമ്മോറാണ്ടം കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ ഞാൻ ഇവിടെ പറഞ്ഞു. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പുതിയ ഗൈഡ് ലൈൻസ് ഉണ്ട്. ആ ഗൈഡ് ലൈൻസിൽ detailed memorandum നാല് ആഴ്ച മുതൽ ആറ് ആഴ്ചയ്ക്കുള്ളിൽ കൊടുക്കണമെന്നാണ് വിവക്ഷിച്ചിട്ടുള്ളത്. മുമ്പും അങ്ങനെതന്നെയായിരുന്നു. ആ കാലയളവിനുള്ളിൽ 13-ാം തീയതിയാണ് വെള്ളം ഇറങ്ങിതുടങ്ങിയത്. 22-ാം തീയതി ഡീറെയിൽഡ് മെമ്മോറാണ്ടം സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ചു. വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുള്ള മെമ്മോറാണ്ടം കൊടുത്തെങ്കിലേ പ്രയോജനമുള്ളൂ. കാരണം സ്റ്റഡി റ്റീമിന് അത് പരിശോധിക്കണം, അത് പരിശോധിച്ചതിനുശേഷം ഒരു റ്റീമിനെ അയയ്ക്കേണ്ടതുണ്ടോ എന്ന് തീരുമാനിക്കണം. 22-ാം തീയതി മെമ്മോറാണ്ടം കൊടുത്തിട്ട് അടുത്ത മാസം 2-ാം തീയതിതന്നെ കേന്ദ്രമന്ത്രി ഒരു സ്റ്റഡി റ്റീമിനെ അയയ്ക്കുകയുണ്ടായി. അതിനെ ത്വരിതഗതിയിൽ മറ്റൊരു സംസ്ഥാന ഗവൺമെന്റും കൊടുക്കുന്നതിനുമുമ്പ് ഈ സംസ്ഥാന ഗവൺമെന്റ് 10 ദിവസത്തിനുള്ളിൽ ഡീറ്റയിൽഡ് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. ഏതാണ്ട് 202 കോടി രൂപയാണ് ആദ്യം ആവശ്യപ്പെട്ടത്. സ്റ്റഡി റ്റീം ഇവിടെ വന്ന് ചില ചർച്ചകളുടെ അടിസ്ഥാനത്തിൽ വീണ്ടും ഒരു 11 കോടി രൂപ കൂടി അഡീഷണലായി ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. അതിന്റെ സഹായം എത്രയാണെന്നും ഇതുവരെ സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടില്ല. അവിടെ ഹൈ ലെവൽ കമ്മിറ്റിയുണ്ട്. അതിന്റെ നടപടിക്ക് സമയമെടുക്കാറുണ്ട്. കഴിഞ്ഞവർഷവും അവരുടെ അവസാന തീരുമാനം അറിയിച്ചത് ഒന്നോ രണ്ടോ മാസങ്ങൾക്കുശേഷമാണ്. സംസ്ഥാന ഗവൺമെന്റ് അത് പ്രതീക്ഷിച്ചിരിക്കുകയാണ്. ഇവിടെ അടിയന്തിരമായ നടപടിയൊക്കെ കൈക്കൊണ്ടു. അതുപോലെതന്നെ കൃഷിനാശം വന്നതിന് കുട്ടനാട്ടിന് മാത്രമല്ല, കൃഷിനാശം വന്ന സ്ഥലങ്ങളിൽ എല്ലാം ഒരു ഏക്കറിന് 40 കിലോഗ്രാം വിത്താണ് കഴിഞ്ഞവർഷം കൊടുത്തത്. ആ

LIBRARY ARCHIVES Kerala Legislative Assembly

വിത്ത് കൊടുക്കുന്നതിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തിരിക്കുന്നു. തുക കൊടുത്തു എന്നുമാത്രമല്ല വിത്ത് കൊടുക്കാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ രാസവളം സബ്സിഡിയും. ദുരിതാശ്വാസ ക്യാമ്പുകളിൽ പകർച്ചവ്യാധിയൊന്നുംതന്നെ ഉണ്ടായിട്ടില്ല. കുട്ടനാട് മേഖലയിൽ ആലപ്പുഴ ജില്ലയിൽ 8 ബോട്ടുകളിലായി എട്ട് റ്റീം ഡോക്ടർമാർ നിരന്തരമായി എട്ട് പത്ത് ദിവസക്കാലം ഈ ക്യാമ്പുകളും സന്ദർശിക്കുകയുണ്ടായി. അതുപോലെ അഞ്ച് എട്ട് സ്ഥലങ്ങളിൽ ആയുർവേദ മരുന്ന് കൊടുക്കാൻ വേണ്ടി ആയുർവേദ ക്യാമ്പുകളും നടത്തുകയുണ്ടായി. ഇതിന് ആവശ്യമായ തുകയ്ക്ക് ഒരു കുറവും ഉണ്ടാവുകയില്ല. കളക്ടർമാരോട് വിളിച്ചുപറഞ്ഞു; നിങ്ങളും ചെലവുചെയ്തു കൊള്ളുക. തുക എത്രയാണെന്ന് അറിഞ്ഞാൽ പുറകെ നൽകിക്കൊള്ളാം. തുകയും കൊടുത്തു അടിയന്തിര ദുരിതാശ്വാസ തുകകളും ആലപ്പുഴ ജില്ലയിൽ മാത്രം എത്താണ്ട് രണ്ട് കോടി രൂപയോളം കൊടുത്തു. അതിന്റെ കണക്ക് ഇവിടെയുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഈ നിലയിൽ അടിയന്തിരാശ്വാസം എത്തിക്കുന്നതിൽ വളരെ ഫലപ്രദമായി പ്രവർത്തിച്ചു. വെള്ളപ്പൊക്കകാലത്ത് ചില പ്രദേശങ്ങളിൽ പകർച്ച വ്യാധി ഒഴിവാക്കാൻവേണ്ടി കുടിവെള്ളം എത്തിക്കേണ്ടതുണ്ടായിരുന്നു. ഈ വക കാര്യങ്ങളൊക്കെ ചെയ്തതിൽ പരാതികളും ഒന്നുംതന്നെ ഉണ്ടായിട്ടില്ല. ഞാൻ തന്നെ നേരിട്ടുപോയി ചർച്ച നടത്തിയതാണ്. നല്ല നിലയ്ക്കുള്ള പ്രവർത്തനമാണ് നടത്തിയിട്ടുള്ളത് എന്ന് ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, വളരെ ലാഘവത്തോടുകൂടിയാണ് സംസ്ഥാന ഗവൺമെന്റ് ഈ വർഷം ഉണ്ടായ പേമാരിയും, വെള്ളപ്പൊക്കവും, കടൽക്ഷോഭവുംമൂലം ദുരിതം അനുഭവിക്കുന്ന ജനങ്ങളോട് പെരുമാറിയതെന്ന് ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചതിൽനിന്ന് വ്യക്തമാണ്. ഈ വർഷം പേമാരിയും വെള്ളപ്പൊക്കവും കടൽക്ഷോഭവുംമൂലം പ്രധാനമായും, ആലപ്പുഴ ജില്ലയിലും, പത്തനംതിട്ട ജില്ലയുടെ തിരുവല്ല താലൂക്കിലും, കോട്ടയം ജില്ലയുടെ വൈക്കം താലൂക്കിലുമാണ് കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടായത്. ആലപ്പുഴ ജില്ലയിൽ മാത്രം ഈ വെള്ളപ്പൊക്കംമൂലം ഏഴ് പേർ മരിക്കുകയും രണ്ടു പേർക്ക് ഗുരുതരമായി പരുക്കേല്ക്കുകയും ചെയ്തു. ഈ വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളിലുള്ള 783 അഭയാർത്ഥി കേന്ദ്രങ്ങളിലായി 41,880 കുടുംബങ്ങളെ ആണ് മാറി പാർപ്പിക്കേണ്ടതായിട്ടുള്ളത്. ഇരുപത്തിമൂവായിരം ഹെക്ടർ സ്ഥലത്തെ നെൽക്കൃഷി കൊയ്യാൻ പാകമായവ പൂർണ്ണമായും നശിച്ചു. 5560 ഹെക്ടർ സ്ഥലത്തെ നെൽക്കൃഷി ഭാഗികമായി തകർന്നു. അതിനുപുറമേ ഈ പേമാരിയും വെള്ളപ്പൊക്കവുംമൂലം പി. ഡബ്ലിയു. ഡി. റോഡുകളും, എൻ. ആർ. ഇ. പി. റോഡുകളും ആർ. എൽ. ഇ. ജി. പി. റോഡുകളും മുതലായവ തകർന്നു.

നിരവധി വീടുകളും ആ വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയി. കടൽക്ഷോഭംമൂലം ആയിരക്കണക്കിന് കായ്ഫലമുള്ള തെങ്ങുകളും ആലപ്പുഴ തീരപ്രദേശങ്ങളിൽ കടപുഴകി വീണു. എന്റെ നിയോജകമണ്ഡലമായ മാരാരിക്കുളത്ത് 52 വീടുകളും ഭൂമിയോടുകൂടി ഒലിച്ചുപോയി. ആലപ്പുഴയിൽ 22 വീടുകളും കാർത്തികപ്പള്ളിയിൽ 64 വീടുകളും ഒലിച്ചുപോയി. അങ്ങനെ 128 വീടുകളും സ്ഥലവും ഒലിച്ചുപോയി. ആ കുടുംബങ്ങളെ അനാഥമായി കഴിയുകയാണ്. ഗവൺമെന്റ് ആകെ നൽകിയത് മൂന്ന് ആഴ്ചക്കാലത്തെ സൗജന്യ റേഷനാണ്. ആ കാര്യം ഞാൻ നിഷേധിക്കുന്നില്ല. ക്യാമ്പുകളിൽപോലും ജനങ്ങളെ മുന്നോട്ടു വന്നതുകൊണ്ടു മാത്രമാണ് 41,850 കുടുംബങ്ങൾക്ക് ആഹാരവും ഭക്ഷണവും

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻ കഴിഞ്ഞത്. കഴിഞ്ഞ രണ്ടര മാസമായി മുൻകൊല്ലങ്ങളിൽ ഉണ്ടായതിനേക്കാൾ കൂടുതൽ നാശമാണ് ഈ വർഷം ഉണ്ടായത്. കഴിഞ്ഞവർഷം വെള്ളപ്പൊക്കമുണ്ടായപ്പോൾ കൃഷിക്കാർക്ക് കൈനഷ്ടം ഉണ്ടായിട്ടില്ല. എന്നാൽ ഈ വർഷമാകട്ടെ അവർ എല്ലാ മുതൽമുടക്കും നടത്തിയശേഷം കൊയ്യാൻ പാകമായ നെല്ലാണ് നശിച്ചുപോയത്. ആ രംഗത്ത് ഈ രണ്ട് മാസമായി ഒരു പൈസപോലും കൊടുത്തില്ല. ഇപ്പോൾ മന്ത്രി പറയുന്നു, വിത്തു കൊടുത്തുവെന്ന്. വിത്ത് ആർക്കും കിട്ടിയിട്ടില്ല. ആലപ്പുഴ ജില്ലയിൽ ആകെ കൊടുത്തത് രണ്ടു കോടിയിൽപ്പരം രൂപയാണ്. ആ രണ്ടു കോടി രൂപതന്നെ സൗജന്യ റേഷൻ കൊടുക്കാൻ വേണ്ടിയാണ് മാറ്റിവച്ചത്. കഴിഞ്ഞ വല്ലംതന്നെ കേരളത്തിൽ വെള്ളപ്പൊക്കത്തിനു കിട്ടിയ തുക മുഴുവനും മറ്റു മേഖലകളിലേക്ക് ഡൈവർട്ട് ചെയ്തതിന്റെ ഫലമായി കേന്ദ്രഗവൺമെന്റ് മുമ്പാകെ വ്യക്തമായ കണക്ക് കൊടുക്കാഞ്ഞതിന്റെ പേരിൽ കേന്ദ്രം ഈ വർഷം പണം കൊടുക്കാതിരിക്കുകയാണ്. ഈ വർഷമാണെങ്കിൽ 10 കോടി രൂപ കിട്ടിയതിൽ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുവേണ്ടി ചെലവഴിക്കാതെ പകരം ഓണാഘോഷത്തിനുവേണ്ടി ആ പണം ധൂർത്തടിക്കാനാണ് ഈ ഗവൺമെന്റ് തയ്യാറായത്. അതിനുപുറമേ കഴിഞ്ഞകൊല്ലം വെള്ളപ്പൊക്കമുണ്ടായപ്പോൾ നാശം സംഭവിച്ച ഒന്നര ലക്ഷം വീടുകൾ കഴിഞ്ഞ സെപ്റ്റംബറിൽ പൂർത്തിയാക്കുമെന്ന് അസംബ്ലിയിൽ പറഞ്ഞതാണ്. ആ ഒന്നര ലക്ഷം വീടുകൾക്ക് രണ്ടാം ഗഡു മാത്രമാണ് കൊടുത്തത്. മൂന്നാം ഗഡു കൊടുത്തിട്ടില്ല. നാലു ശതമാനം പലിശയാണെന്നു പറഞ്ഞശേഷം ഇപ്പോൾ പാവങ്ങളിൽനിന്ന് 9 ശതമാനം പലിശയാണ് ഗവൺമെന്റ് ഈടാക്കാൻ പോകുന്നത്. മൂന്നാം ഗഡു കൊടുക്കാതെ പൂർത്തിയാകാതെ കിടക്കുന്ന വീട് ഉടമസ്ഥർ ഇപ്പോൾ ഇൻസ്റ്റാൾമെന്റ് തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ആ നിലയിൽ അങ്ങനെയുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. ഈ വർഷമാകട്ടെ ആലപ്പുഴ ജില്ലയിൽ നിരന്തരമായ വെള്ളപ്പൊക്കമാണ് ഉണ്ടായത്. ഈ കാര്യം ഞാൻ ഇവിടെ പറഞ്ഞതാണ്. ആലപ്പുഴ ജില്ലയിൽ അച്ചൻകോവിലാറിലേയും പമ്പയാറിലേയും വെള്ളം വരുന്നതിന്റെ ഫലമായി വെള്ളപ്പൊക്കമുണ്ടാകാൻ ഇടയുണ്ട്. ആ നിലയിൽ ശാശ്വതമായി ദീർഘകാലാടിസ്ഥാനത്തിൽ ഒരു പദ്ധതി നടപ്പിലാക്കണമെന്നു പറഞ്ഞു. തോട്ടപ്പള്ളി സ്പിൽവേയ്ക്ക് ആഴം കൂട്ടുന്ന കാര്യത്തെപ്പറ്റിയും പറഞ്ഞു. ഗവൺമെന്റ് ആ രംഗത്ത് ഒരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നു മാത്രമല്ല ആ പദ്ധതികൾക്കുവേണ്ടി ഒന്നും ചെലവാക്കാതെ കഴിഞ്ഞ കൊല്ലം അനുവദിച്ച തുക പോലും കൃഷിക്കാർക്കു കൊടുക്കാതെ, വീടുവയ്ക്കാൻ പണം കൊടുക്കാതെ ആ പണം മുഴുവൻ മറ്റു മേഖലകളിലേക്ക് ഡൈവർട്ട് ചെയ്തതിന്റെ ഫലമായി കേന്ദ്രഗവൺമെന്റ് ഈ വർഷം പണം തരാതിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ മുമ്പാകെ വ്യക്തമായ കണക്കുകൾപോലും കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറായില്ല. പ്രധാനമന്ത്രി കേരളത്തിൽ വന്നയവസരത്തിൽ ആലപ്പുഴ ജില്ല ഓണാഘോഷംപോലും ബഹിഷ്ക്കരിച്ചു ഡി. ഡി. സി. കൂടി തീരുമാനിച്ചു ഓണാഘോഷം വേണ്ടായെന്ന്. അത്രയേറെ സ്പോടനാത്മകമായ സ്ഥിതി ഉണ്ടായി. ആ കാര്യം ശ്രീ. രാജീവ് ഗാന്ധിയെപ്പോലും ധരിപ്പിക്കാൻ ഈ ഗവൺമെന്റ് തയ്യാറായില്ല. ആഴ്ചയ്ക്ക് ആഴ്ചയ്ക്ക് മന്ത്രിമാർ ഡൽഹിയിൽ പോകുന്നതുമാത്രം മിച്ചം. ഒരു ജില്ലയാകെ തകർന്നിട്ട് രണ്ട് മാസമായി. കർഷകത്തൊഴിലാളികൾക്ക് ജോലിയില്ലാതായിട്ട് മൂന്നു മാസമായി. കൃഷിക്കാർക്ക് കൃഷിയിറക്കാൻ സമയമായി. അവർക്ക് കൃഷിയിറക്കാൻ യാതൊരു മാർഗ്ഗവുമില്ല. അങ്ങനെ ആകെ തകർന്നിരിക്കുന്ന ഒരു ജില്ലയ്ക്കുവേണ്ടി കേന്ദ്രത്തിൽപ്പോയി പണം വാങ്ങിക്കാൻ കഴിയാത്ത ഒരു ഗവൺമെന്റാണ് ഇപ്പോൾ ഇവിടെയുള്ളത്. വളരെ കുറ്റകരമായ നടപടിയാണിത്. ഒരു ജില്ലയാകെ തകർന്നു. സംസ്ഥാനത്തിന് ന്യായമായി കിട്ടാവുന്നതെല്ലാം വാങ്ങിക്കുമെന്ന് പറയുന്നതല്ലാതെ പ്രധാനമന്ത്രി സംസ്ഥാനത്ത്,

LIBRARY ARCHIVES Kerala Legislative Assembly

വന്നപ്പോഴും അദ്ദേഹത്തെ ശരിയായ വിവരം പോലും ധരിപ്പിക്കാതെ വളരെ കുറ്റകരമായ അനാസ്ഥയാണ് ഗവൺമെൻറ് കാണിച്ചിരിക്കുന്നത്. ഈ കാര്യം ചർച്ച ചെയ്യുന്നതിനുവേണ്ടി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ദുരിതാശ്വാസത്തിനുള്ള സഹായത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ചില കാര്യങ്ങൾ ശരിയായി ധരിച്ചിട്ടില്ലായെന്ന് ഞാൻ കരുതുകയാണ്. പ്രധാനമായിട്ട് അടിയന്തിരമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ മാത്രമേ ഈ വർഷം നടത്തിയിട്ടുള്ളൂ. മറ്റ് കാര്യങ്ങൾ ചെയ്യാൻ കുറെ സമയമെടുക്കും. അതിൽ തന്നെ കൃഷിനാശം വന്നതിനെപ്പറ്റി പറഞ്ഞു. റേഷൻ കൊടുത്തതിനെ സംബന്ധിച്ചും അദ്ദേഹം ഇവിടെ പറഞ്ഞുവെങ്കിലും ഒരു പരാതിയും ഇത്തവണ ലഭിച്ചിട്ടില്ല. ആരോഗ്യ പരിപാലനത്തിനും ആവശ്യമായ തുക കൊടുത്തിരുന്നു. ആവശ്യമുള്ള മെഡിസിൻ വാങ്ങിയിട്ട് അറിയിച്ചാൽ മതിയെന്ന് കളക്ടറോടും ഡി. എം. ഒ. യോടും നിർദ്ദേശിച്ചിരുന്നു. ആ നിലക്കുള്ള കാര്യങ്ങൾ ചെയ്തു തീർത്തിരുന്നു. അദ്ദേഹം പറഞ്ഞത് പ്രധാനമായിട്ട് കൃഷിക്കുള്ള സഹായത്തെ സംബന്ധിച്ചാണ്. നാഷണൽ സീഡ്സ് കോർപ്പറേഷനിൽ നിന്നും വിത്തു വരുത്താൻ ഒരു മിനിമം സമയം ആവശ്യമാണ്. അങ്ങനെ വിത്തുകൾ മുഴുവൻ വരുത്തികൊടുക്കാനുള്ള ഏർപ്പാട് ഉണ്ടാക്കികഴിഞ്ഞിരിക്കുന്നു. സർ, കഴിഞ്ഞ വർഷം ഇവിടെ കിട്ടിയ തുക മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിച്ചുവെന്നു പറഞ്ഞു. പതിനാല് ഇനങ്ങളിലായിട്ടാണ് കേന്ദ്രഗവൺമെൻറ് കഴിഞ്ഞകൊല്ലം തുക തന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ചില ഇനങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. State Highways, District roads and other District roads—34 crores, Village roads 6.85 crores, Housing—15.75 crores.

കഴിഞ്ഞ തവണ നടത്തിയ പ്രവർത്തനത്തെപ്പറ്റി വിമർശനം പറഞ്ഞു. ഹൗസിംഗിനു കിട്ടിയ തുക മറ്റാവശ്യത്തിന് ഉപയോഗിച്ചുവെന്ന് പറഞ്ഞു. 15 കോടി രൂപ തന്നിട്ട് 60 കോടി രൂപയുടെ പദ്ധതിയാണ് നടപ്പാക്കിയത്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത് ആദ്യ ഗഡു വായിട്ടുതന്നെ 15 കോടി രൂപയുടെ വിതരണം ചെയ്യുകയാണ് ചെയ്തത്. അതിൽ ഒരു പൈസപോലും ഡൈവർട്ട് ചെയ്തിട്ടില്ലായെന്നു മാത്രമല്ല സെപ്റ്റംബർ 30-ാം തീയതി വരെ സർട്ടിഫിക്കറ് കിട്ടിയ മുഴുവൻ കേസുകളിലും മൂന്നാം ഗഡുവരെ കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. അതിൻെറ പൂർണ്ണമായ കണക്ക് എൻെറ കയ്യിലുണ്ട്. ആലപ്പുഴ ജില്ലയുൾപ്പെടെയുള്ള എല്ലാ ജില്ലകളുടേയും വ്യക്തമായ കണക്ക് ഇത്തവണ കളക്ടർമാരുടെ കോൺഫറൻസിൽ ഡിസ്ക്കസ് ചെയ്തതാണ്. കോഴിക്കോട് ജില്ലയിൽ സർട്ടിഫിക്കറ് കിട്ടിയ മുഴുവൻ കേസുകളിലും കൊടുത്തു കഴിഞ്ഞു. അവിടെ ഏതാനും ലക്ഷം രൂപ ഇപ്പോഴും കളക്ടറുടെ പക്കലുണ്ട്. കഴിഞ്ഞ ദിവസം അവിടെ കളക്ടറേറ്റിൽ കോൺഫറൻസ് ഉണ്ടായിരുന്നു. സർട്ടിഫിക്കറ് കിട്ടിയ മുഴുവൻ കേസുകൾക്കും കൊടുത്തു കഴിഞ്ഞിരിക്കുന്നു എന്നാണ് എനിക്ക് പറയാനുള്ളത്.

മറെറാന്ന്, കൃഷിക്ക് കിട്ടിയ തുക ഡൈവർട്ട് ചെയ്തു എന്നാണ്. കൃഷിക്ക് ആകെ കിട്ടിയത് എത്രയാണ് ? കഴിഞ്ഞ വർഷം 134 കോടി രൂപ കിട്ടിയതിൽ വർക്കിനുവേണ്ടി കിട്ടിയത് 124 കോടി രൂപയും, അഗ്രിക്കൾച്ചർ ലോസ്സിനുവേണ്ടി കിട്ടിയത് 5.69 കോടി രൂപയുമാണ്. ഇത് ഒരു

LIBRARY ARCHIVES Kerala Legislative Assembly

പുതിയ വാർത്ത അല്ല. കേന്ദ്ര ഗവൺമെൻറിൻെറ ഗൈഡ്ലൈൻസിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. നമ്മൾ എത്ര വാങ്ങിച്ചാലും എത്ര തുക ആവശ്യപ്പെട്ടാലും അത് തരുന്നതിനുള്ള ഗൈഡ്ലൈൻസ് ഉണ്ട്. ആ ഗൈഡ് ലൈൻസിൽ നഷ്ടപരിഹാരം കൊടുക്കൽ ഇല്ല. കോമ്പൻസേഷൻ കൊടുക്കുക എന്നുള്ള പ്രിൻസിപ്പിൾ അംഗീകരിച്ചിട്ടില്ല. സംസ്ഥാന ഗവൺമെൻറ് ആവശ്യപ്പെട്ടാലും കോമ്പൻസേഷൻ കൊടുക്കാൻ കഴിയുകയില്ല. കഴിഞ്ഞ വർഷവും ഈ വർഷവും സംസ്ഥാന ഗവൺമെൻറ് ആവശ്യപ്പെട്ടു. കേന്ദ്ര ഗവൺമെൻറ് നൽകുന്നതിന് നോംസ് വച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകാൻ കഴിയുകയില്ല, മറിച്ച് കൃഷി നഷ്ടപ്പെട്ടാൽ കൃഷിയിറക്കാനുള്ള ചെലവ് കൊടുക്കും. വിത്തും കുറച്ചു വളവും മാത്രമേ കൊടുക്കുകയുള്ളു. അത് ഒരു ഹെക്ടറിന് ഇത്ര രൂപയെന്ന് നിശ്ചയിച്ചിട്ടുണ്ട്. അതിനപ്പുറത്ത് തരുകയില്ല. കഴിഞ്ഞ വർഷം ആകെ തന്നത് 5.69 കോടി രൂപയാണ്. അതിൽ ഒരൊറ്റ പൈസ ഒരു സ്ഥലത്തേക്കും ഡൈവർട്ട് ചെയ്തിട്ടില്ല. മുഴുവനും വിതരണം നടത്തിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് തുക മുഴുവനും കിട്ടിയിരിക്കുന്നത് വ്യക്തമായ ഹെഡ്ഡ്സ് പറഞ്ഞുകൊണ്ടാണ്. ആ നിലയ്ക്കാണ് അത് കൊടുത്തിട്ടുള്ളത്. ഈ വർഷം ചെയ്യേണ്ട വർക്കിനെ സംബന്ധിച്ച് സംസ്ഥാന ഗവൺമെൻറ് കേന്ദ്രത്തിൽ നിന്നും ഒരു തുകയും നൽകുന്നതിനുമുമ്പുതന്നെ പത്തുകോടി രൂപ അലോട്ടു ചെയ്തു. ഈ വർഷമുണ്ടായ വെള്ളപ്പൊക്കം പ്രത്യേകം കണക്കിലെടുത്തുകൊണ്ടാണ് സംസ്ഥാനത്തെ ദുർബ്ബല ജനവിഭാഗങ്ങൾക്ക് മുഴുവനും ഓണക്കാലത്ത് സൗജന്യ റേഷൻ കൊടുത്തത്. കേന്ദ്രത്തിൽ നിന്നും പണം പ്രതീക്ഷിച്ചിട്ടല്ല അത് ചെയ്തത്. ആ കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് മുമ്പ് ഒരു കാലത്തും ചെയ്തിട്ടില്ലാത്ത നിലയിൽ സംസ്ഥാനത്തെ ദുർബ്ബല ജനവിഭാഗങ്ങൾക്ക് മുഴുവൻ 10 കോടി രൂപ ചെലവു വരുന്ന സൗജന്യ റേഷൻ വിതരണം നടത്തുകയുണ്ടായി. അതുകൊണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങളും സമയത്തു തന്നെ നടത്തി, മെമ്മോറാണ്ടം സമയത്തുതന്നെ കൊടുത്തു. സെൻട്രൽ ടീം ഇവിടെ വന്ന് പരിശോധിച്ച് പോയിരിക്കുന്നു. അതിൻെറ തീരുമാനം കാത്തിരിക്കുകയാണ്. കേന്ദ്ര ഗവൺമെൻറിൻെറ സെൻട്രൽ ടീം അംഗങ്ങളും ഇവിടെ വന്നു സർ. മുഖ്യമന്ത്രിയുടെ ആഫീസിൽ കൂടിയ യോഗത്തിൽവച്ച് മന്ത്രിമാരോടും ഉദ്യോഗസ്ഥൻമാരോടും എന്താണ് അവർ പറഞ്ഞത് ? കഴിഞ്ഞ വർഷം കിട്ടിയ തുക എങ്ങനെ ചെലവഴിച്ചുവെന്നതിനെപ്പറ്റി ഞങ്ങളും ഇന്നലെ ജില്ലകളിൽ പോയപ്പോളും പരിശോധിച്ചു. റോഡു വർക്കുകളും നോക്കി, വീടുകളും തീർത്തതുനോക്കി, ബണ്ടുകളിട്ടതുനോക്കി. കേരള സംസ്ഥാന ഗവൺമെൻറ് എറെവും ഭംഗിയായി, സ്തുത്യർഹമായി ഈ കാര്യങ്ങളും ചെയ്തിരിക്കുന്നുവെന്ന് പരസ്യമായി സെൻട്രൽ ടീം ലീഡർ ഇവിടെവച്ച് പറയുകയുണ്ടായി. അതേപ്പറ്റി ഒരു സംശയവും അവർക്കില്ല. സംസ്ഥാന ഗവൺമെൻറ് കേരളത്തിലെ റിലീഫ് വർക്ക് നടത്തുന്നതിനെപ്പറ്റി പാർലമെൻറിനകത്തും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇത്തരം വിമർശനത്തിന് യാതൊരു അടിസ്ഥാനവുമില്ല. ഈ വർഷവും ന്യായമായ സഹായം സംസ്ഥാന ഗവൺമെൻറിന് കിട്ടുമെന്ന് പ്രതീക്ഷിച്ചിരിക്കുകയാണ്. അത് നോക്കാതെ തന്നെ സംസ്ഥാന ഗവൺമെൻറ് നടപടികളും കൈക്കൊണ്ടിരിക്കുന്നുവെന്ന് ആവർത്തിച്ചു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിൻെറ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly